# Ablearns

## കോശം അടിസ്ഥാന വിവരങ്ങൾ

1) ജീവശാസ്ത്രത്തിന്റെ പിതാവ് - അരിസ്റ്റോട്ടിൽ

2) "ബയോളജി" എന്ന പദം നിർദ്ദേശിച്ചത് ലാമാർക്ക്

3) ജീവശാസ്ത്രത്തെ രണ്ടായി തരം തിരിച്ചിരിക്കുന്നു - ജന്തുശാസ്ത്രം, സസ്യശാസ്ത്രം

4) ജന്തുശാസ്ത്രത്തിന്റെ പിതാവ് - അരിസ്റ്റോട്ടിൽ

5) സസ്യശാസ്ത്രത്തിന്റെ പിതാവ് - തിയോഫ്രാസ്റ്റസ്

6) ജീവികളുടെ ഘടനാപരവും ജീവധർമ്മപരവുമായ അടിസ്ഥാന ഘടകം - കോശം (Cell)

Ablearns your learning partner

7) കോശം കണ്ടുപിടിച്ചത് - റോബർട്ട് ഹുക്ക്

8) Cell എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം - ചെറിയ മുറി

9) കോശത്തെ പറ്റിയുള്ള പഠനം - സൈറ്റോളജി

10) സൈറ്റോളജിയുടെ പിതാവ് - റോബർട്ട് ഹുക്ക്

• മൈക്രോസ്കോപ്പിലൂടെ ആദ്യമായി കോശത്തെ നിരീക്ഷിക്കുകയും മൈക്രോഗ്രാഫിയ എന്ന പുസ്തകത്തിലൂടെ കോശത്തിന്റെ ഘടന ചിത്രീകരിക്കുകയും ചെയ്തു.

11) കോശത്തിന്റെ ഘടന ആദ്യമായി ചിത്രീകരിച്ച പുസ്തകം - മൈക്രോഗ്രാഫിയ

12) മൈക്രോഗ്രാഫിയ എന്ന പുസ്തകം രചിച്ചത് - റോബർട്ട് ഹുക്ക്

13) മനുഷ്യശരീരത്തെപ്പറ്റിയുള്ള ആദ്യ ശാസ്ത്രീയ ഗ്രന്ഥം - ഡി ഹ്യൂമാനി കോർപോറിസ് ഫാബ്രിക്ക (ലാറ്റിൻ)

14) ഡി ഹ്യൂമാനി കോർപോറിസ് ഫാബ്രിക്ക എഴുതിയത് - ആൻഡ്രിയാസ് വെസാലിയസ്

AbLearns
your learning partner

15) ജീവനുള്ള കോശം ആദ്യമായി കണ്ടെത്തിയ ശാസ്ത്രജ്ഞൻ - ആന്റൺവാൻ ല്യൂവൻഹോക്ക്

16) കോശസിദ്ധാന്തം ആവിഷ്കരിച്ചത് - ജേക്കബ് ഷ്ളീഡൻ, തിയോഡർ ഷ്വാൻ

17) സസ്യശരീരം കോശത്താൽ നിർമ്മിതമാണ് എന്ന് കണ്ടെത്തിയത് - എം.ജെ ഷ്ളീഡൻ (1838)

19) ജന്തുശരീരം കോശങ്ങളാൽ നിർമ്മിതം ആണെന്ന് കണ്ടെത്തിയത് - തിയോഡർ ഷ്വാൻ (1839)

കോശസിദ്ധാന്തം

• എല്ലാ ജീവജാലങ്ങളും ഒന്നോ അതിലധികമോ കോശങ്ങൾ കൊണ്ടാണ് നിർമിച്ചിരിക്കുന്നത്.

• ജീവൻറെ അടിസ്ഥാന യൂണിറ്റാണ് കോശം.

•നിലവിലുള്ള കോശങ്ങളിൽ നിന്ന് മാത്രമേ പുതിയ കോശങ്ങൾ ഉണ്ടാകുന്നുള്ളൂ.

20) കോശസിദ്ധാന്തം പരിഷ്കരിച്ചത് - റുഡോൾഫ് വിർഷോ

• നിലവിലുള്ള കോശങ്ങളിൽ നിന്നുമാത്രമേ പുതിയ കോശങ്ങൾ ഉണ്ടാകൂ എന്ന് പ്രസ്താവിച്ചു.

abLearns your learning partner

21) കോശസിദ്ധാന്തം ബാധകമല്ലാത്ത ജീവവിഭാഗം - വൈറസ്

22) ഒരൊറ്റ കോശത്താൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ജീവികൾ - ഏകകോശ ജീവികൾ

(ബാക്ടീരിയ, അമീബ, പാരമീസിയം,യുഗ്ലീന)

23) രണ്ടോ അതിലധികമോ കോശങ്ങൾ ഉള്ള ജീവികൾ - ബഹുകോശജീവികൾ

(സസ്യങ്ങൾ, ജന്തുക്കൾ)

• ആൾഗകളിൽ  എകകോശ, ബഹുകോശ  ജീവികൾ  ഉൽപ്പെടുന്നു.

25) കോശമർമ്മം (ന്യൂക്ലിയസ്) കണ്ടെത്തിയത് - റോബർട്ട് ബ്രൗൺ

AbLearns
your learning partner